## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4051** **25/06/2014-ൽ മറുപടിക്ക്**

### കൊച്ചിയിലെ കാൻസർ ചികിത്സാ ഗവേഷണകേന്ദ്രം

**ചോദ്യം**

**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നു തീരുമാനം കൈക്കൊണ്ടു ; | (എ) | 08/01/2014-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് 03/02/2014-ലെ G.O.(MS) No.39/2014/H&FWD ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ഈ ആവശ്യത്തിന് എന്തു തുക നീക്കിവച്ചിട്ടുണ്ട്; ഇതേവരെ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ ? | (ബി) | ഈ ആവശ്യത്തിന് നിലവിൽ തുക നീക്കി വച്ചിട്ടില്ല. കൊച്ചിയിലെ നിർദ്ദിഷ്ട കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനായി Detailed Project Report തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ഹോസ്പിറ്റൽ കൺസൽട്ടൻസി കോർപ്പറേഷൻ ലിമിറ്റഡിനെ (HSSC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി RCC-യിലെ മുൻ ഓങ്കോളജിസ്റ്റായ ഡോ. വി. പി. ഗംഗാധരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR-സംബന്ധിച്ചും അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി ഒരു യോഗം 28/06/2014-ന് വിളിച്ചിട്ടുണ്ട്. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയെ കൂടാതെ എറണാകുളം ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ മാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത യോഗത്തിൽ സംബന്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ